**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ. 431** | **19.10.2011-ൽ മറുപടിയ്ക്ക്**

## ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എ.റ്റി. ജോർജ്
,, ബെന്നി ബെഹനാൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, പി.എ. മാധവൻ

**ഉത്തരം**

**ശ്രീ.കെ.സി. ജോസഫ്**
**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)**

എ. ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

എ. ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1. എല്ലാ ബ്ളോക്ക് പഞ്ചായത്തുകളിലും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.
2. എല്ലാ ബ്ളോക്കു പഞ്ചായത്ത് ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.
3. ബ്ളോക്കു ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടേയും മറ്റ് അനുബന്ധ ഉപകരണങ്ങളുടേയും മെയിന്റനൻസിനും, കമ്പ്യൂട്ടർ സ്റ്റേഷനറി വാങ്ങുന്നതിനും, മറ്റ് ആവർത്തന ചെലവുകൾ വഹിയ്ക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ നിന്നും തുക അനുവദിച്ചു നൽകിവരുന്നു.
4. ബ്ളോക്ക് പ്രദേശത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇലക്ട്രോണിക് രീതിയിലാക്കി സൂക്ഷിക്കുന്നുണ്ട്.

ബി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇലക്ട്രോണിക് രീതിയിലാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

ബി. ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇലക്ട്രോണിക് രീതിയിലാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ഇക്കാര്യത്തിലുണ്ടായിട്ടുള്ള പുരോഗതി താഴെ പറയും പ്രകാരമാണ്.

1. ബ്ളോക്കു പഞ്ചായത്തുകളുടെ വാർഷിക പദ്ധതി കമ്പ്യൂട്ടർ അധിഷ്ഠിതമായ സോഫ്റ്റ്‌വെയറിലൂടെയാണ് തയ്യാറാക്കുന്നത്.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിങ്ങനെ മുഴുവൻ പ്രവർത്തനങ്ങളും വെബ് അധിഷ്ടിതമായ വിവരശേഖരണ സംവിധാനത്തിലൂടെയാണ് നടപ്പിലാക്കുന്നത്.

3. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന എന്നീ പദ്ധതികളുടെ നിർവ്വഹണപുരോഗതി പൂർണ്ണമായും വെബ് അധിഷ്ഠിതമാക്കാൻ വേണ്ട സോഫ്റ്റ് വെയർ കേന്ദ്രസർക്കാർ തയ്യാറാക്കുകയും ഇത് നടപ്പിലാക്കുന്നതിനായുള്ള ഉദ്യോഗസ്ഥതല പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. സോഫ്റ്റ് വെയറിൽ അവശ്യം വേണ്ട അടിസ്ഥാനവിവരങ്ങൾ ബ്ലോക്ക് തലത്തിൽ അപ് ലോഡ് ചെയ്യുന്ന പ്രവർത്തനം നടന്നു വരുന്നു.

4. ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഡാറ്റാ കൈമാറ്റം ബ്ലോക്ക് തലം മുതൽ സംസ്ഥാനതലം വരെ ഇ-മെയിൽ മുഖേനയാണ് നടത്തുന്നത്.

5. 2009 ൽ നടന്ന ബി പി എൽ സർവ്വേയുടെ വിവരങ്ങൾ ഇലക്ട്രോണിക് രീതിയിലാക്കി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി. | തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈൻ വഴി വിവരങ്ങൾ കൈമാറുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള നടപടികൾ ശക്തിപ്പെടുത്തുമോ? | സി. | നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**